# ലോക്കൽ അതോറിറ്റികളുടെ ഓഡിറ്റ് ചാർജ്ജ്

## ബാധകമായ നിയമം, ചട്ടങ്ങൾ, ഉത്തരവുകൾ, വകുപ്പുതല നിർദ്ദേശങ്ങൾ

## കൈപ്പുസ്തകം

തയ്യാറാക്കിയത്

സി.എസ്.സന്തോഷ്

# ലോക്കൽ അതോറിറ്റികളുടെ ഓഡിറ്റ് ചാർജ്ജ്

## I
## നിയമങ്ങളും ചട്ടങ്ങളും

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ ഷെഡ്യൂളിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടേയും മറ്റ് നിയമങ്ങൾ, ചട്ടങ്ങൾ, ബഹു. ഹൈക്കോടതി നിർദ്ദേശങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവ അനുസരിച്ച് മറ്റനേകം സ്ഥാപ നങ്ങളുടേയും ഓഡിറ്റ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് നിർവ്വഹിക്കുന്നുണ്ട്. നിയമത്തിലെ സെക്ഷൻ 19 പ്രകാരം അക്കൗണ്ടുകളുടെ ഓഡിറ്റിന് ലോക്കൽ അതോറിറ്റികൾ ഓഡിറ്റ് ചാർജ്ജ് നൽകുവാൻ ബാധ്യസ്ഥരാണ്. സർക്കാരിന് സ്ഥാപനങ്ങളുടെ ഓഡിറ്റ് ചാർജ്ജ് ഒഴിവാക്കി നൽകാവുന്നതുമാണ്. 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24(1) പ്രകാരമുള്ള ഓഡിറ്റ് ചാർജ്ജിന്റെ നിരക്ക് നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾക്ക് നേരിട്ട് ബാധകമാകുന്നതാണ്. മറ്റ് സ്ഥാപനങ്ങളുടെ കാര്യത്തിൽ സർക്കാരും ബഹു. ഹൈക്കോടതിയും കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന ഓഡിറ്റ് ചാർജ്ജാണ് ബാധകമായിട്ടുള്ളത്.

1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ വിവിധ ഭേദഗതി ചട്ടങ്ങൾ പ്രകാരം ഓഡിറ്റ് ചാർജ്ജിന്റെ നിരക്കിൽ ഉണ്ടായ മാറ്റങ്ങളും ഓഡിറ്റ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെ യെന്നും തുടർ ഖണ്ഡികകളിൽ വിവരിച്ചിട്ടുണ്ട്.

### 1. ഓഡിറ്റ് ചാർജ്ജ് – 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വ്യവസ്ഥകൾ

### എ. സെക്ഷൻ 19(1) മുതൽ 19(4) വരെ – നിബന്ധനകൾ

1. ഈ ആക്ട് പ്രകാരമുള്ള അക്കൗണ്ടുകളുടെ ഓഡിറ്റിന് സർക്കാരിന്റെ അംഗീ കാരത്തോടെ ഡയറക്ടർ നിശ്ചയിക്കാവുന്ന നിരക്കുകളിൽ ബന്ധപ്പെട്ട ലോക്കൽ അതോറിറ്റി (Local Authority) ഓഡിറ്റ് ചാർജ്ജുകൾ നൽകേണ്ട താണ്.

2. സാമാന്യമോ പ്രത്യേകമോ ആയ ഉത്തരവുവഴി ഉപവകുപ്പ് (1) പ്രകാരമുള്ള ഓഡിറ്റ് ചാർജ്ജുകൾ നൽകേണ്ട ബാധ്യതയിൽ നിന്നും പൂർണ്ണമായോ അല്ലെങ്കിൽ ഭാഗികമായോ ഒരു ലോക്കൽ അതോറിറ്റിയെ സർക്കാരിന് ഒഴിവാക്കാവുന്നതാണ്.
3. ഉപവകുപ്പ് (1) പ്രകാരമുള്ള ഓഡിറ്റ് ചാർജ്ജുകൾ അത് നൽകേണ്ട തിയതി മുതൽ ഒരു വർഷത്തിനകം അടച്ചു തീർത്തില്ലെങ്കിൽ അത് അങ്ങിനെയുള്ള ലോക്കൽ അതോറിറ്റിക്ക് നൽകേണ്ട ഗ്രാന്റോ, മറ്റ് തുകകളോ ഏതെങ്കിലും ഉണ്ടെങ്കിൽ, അതിൽ നിന്ന് സർക്കാരിന് തട്ടിക്കിഴിക്കാവുന്നതാണ്.
4. ഓഡിറ്റ് ചാർജ്ജുകൾ നൽകേണ്ട തിയതി മുതൽ ഒരു വർഷത്തിനകം ഒരു ലോക്കൽ അതോറിറ്റി അത് നൽകാതിരിക്കുകയും ആ ലോക്കൽ അതോറിറ്റിക്ക് സർക്കാർ ഗ്രാന്റോ, മറ്റ് തുകകളോ നൽകാനില്ലാതിരിക്കുകയും ചെയ്യുന്നിടത്ത്, തത്സമയം പ്രാബല്യത്തിലുള്ള 1968 ലെ കേരള റവന്യൂ റിക്കവറി ആക്ടിലെ (1968 ലെ 15) വ്യവസ്ഥകൾ പ്രകാരം ഭൂമിയിന്മേൽ ചുമത്താവുന്ന പൊതു റവന്യൂ കുടിശ്ശിക എന്ന പോലെ ഓഡിറ്റ് ചാർജ്ജ് ഇനത്തിലുള്ള തുക ആ ലോക്കൽ അതോറിറ്റിയിൽ നിന്നും വസൂലാക്കാവുന്നതാണ്.

- *അനുബന്ധം-1 കാണുക.*

## ബി. സെക്ഷൻ 2(എഫ്)–ലോക്കൽ അതോറിറ്റി (Local Authority)

***ലോക്കൽ അതോറിറ്റി എന്നാൽ:***

i. 1961 ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ട് പ്രകാരം രൂപീകരിച്ച ഒരു മുനിസിപ്പൽ കോർപ്പറേഷൻ അഥവാ 1960 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ടിനു കീഴിൽ രൂപീകരിച്ച മുനിസിപ്പാലിറ്റി അഥവാ 1961 ലെ ഗുരുവായൂർ ടൗൺഷിപ്പ് ആക്ടിലെ 2–ാം വകുപ്പിൽ പറയുന്ന ടൗൺഷിപ്പ് അഥവാ 1960 ലെ കേരള പഞ്ചായത്ത്സ് ആക്ട് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിന്റെ തദ്ദേശ ഭരണത്തിനായി രൂപീകരിച്ചതോ രൂപീകരിച്ചതായി കണക്കാക്കപ്പെടുന്നതോ ആയ ഒരു പഞ്ചായത്ത് അഥവാ ഇന്ത്യൻ ഭരണ ഘടനയിലെ 9–ാം ഭാഗത്തിലേയും 9(എ) ഭാഗത്തിലേയും വ്യവസ്ഥകളനുസരിച്ച് രൂപീകരിച്ചിട്ടുള്ള ഒരു പഞ്ചായത്ത് അഥവാ മുനിസിപ്പാലിറ്റി അഥവാ ഒരു മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റി അഥവാ ജില്ലാ പ്ലാനിംഗ് കമ്മിറ്റി.


ii. ഏതെങ്കിലും നിയമം മൂലമോ അതിൻ കീഴിലോ അഥവാ സർക്കാർ ഉത്തരവു പ്രകാരമോ സ്ഥാപിക്കപ്പെട്ടതും ഒരു ലോക്കൽ ഫണ്ടിന്റെ ഭരണ നിർവ്വഹണത്തിന് ഉത്തരവാദിത്തമുള്ളതുമായ മറ്റേതെങ്കിലും അധികാര സ്ഥാനം/ സ്ഥാപനം.

➢ *അനുബന്ധം 2 കാണുക*

## 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24

1. നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ ഋണശീർഷ അക്കൗണ്ടും വായ്പയും ഒഴികെയുള്ള വാർഷിക വരുമാനത്തിന്റെ **0.75%** ഓഡിറ്റ് ചാർജ്ജ് ആയി ഒടുക്കേണ്ടതാണ്.
2. വിവിധ സ്ഥാപനങ്ങളുടെ ഓഡിറ്റ് ചാർജ്ജ് ഈടാക്കുന്നതിനുള്ള ചുമതല ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ (നിലവിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്) നിക്ഷിപ്തമാണ്. ഓഡിറ്റ് ചാർജ്ജിന്റെ ഡിമാന്റ്, കളക്ഷൻ എന്നിവയുടെ വിവരം കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനാവശ്യമായ വകുപ്പുതല നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകേണ്ടതാണ്.
3. ഗ്രാന്റിൽ നിന്നോ മറ്റേതെങ്കിലും തുകയിൽ നിന്നോ ഓഡിറ്റ് ചാർജ്ജ് ക്രമീകരിക്കുന്നതിനായി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടത് ഡയറക്ടറുടെ ചുമതലയാണ്.

➢ *അനുബന്ധം–3 കാണുക.*



# II
# കാലാകാലങ്ങളിലെ ഓഡിറ്റ് ചാർജ്ജ് നിരക്കുകൾ

സർക്കാരിന്റെ അംഗീകാരത്തോടെ ഡയറക്ടർക്ക് ഓഡിറ്റ് ചാർജ്ജ് നിരക്ക് നിശ്ചയിക്കുവാനുള്ള അധികാരമുണ്ട്. *1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24(1)* പ്രകാരമുള്ള ഓഡിറ്റ് ചാർജ്ജിന്റെ നിരക്കും വിവിധ ഭേദഗതി ചട്ടങ്ങൾ/ഉത്തരവുകൾ പ്രകാരം കാലാകാലങ്ങളിൽ വരുത്തിയ മാറ്റങ്ങളും താഴെ ചേർക്കുന്നു.

## എ. ഓഡിറ്റ് ചാർജ്ജ് – ചട്ടത്തിലെ ഭേദഗതികൾ

| ക്രമ നം. | ചട്ടം/ഉത്തരവ് | ഓഡിറ്റ് ചാർജ്ജ് നിരക്ക് |
|---|---|---|
| 1 | ചട്ടം 24(1) | ➢ ജ്ഞണശീർഷ അക്കൗണ്ടും വായ്പയും ഒഴികെയുള്ള വാർഷിക വരുമാനത്തിന്റെ **0.75%** |
| 2 | സ.ഉ(പി)നം.1527/97/ഫിൻ തിയതി 31-12-1997<br><br>(എസ്.ആർ.ഒ നം.16/98 തിയതി 07-01-1998) | ➢ ഓഡിറ്റ് ചാർജ്ജ് നിരക്ക് **0.75%** ൽ നിന്നും **1%** ആയി വർദ്ധിപ്പിച്ചു. |
| 3 | സ.ഉ(പി)നം.121/2005/ഫിൻ തിയതി 15-03-2005<br><br>(എസ്.ആർ.ഒ നം.274/2005 തിയതി 18-03-2005) | ➢ ഓഡിറ്റ് ചാർജ്ജ് **1%** ൽ നിന്നും **0.5%** ആയി കുറവു ചെയ്തു.<br>➢ ഭേദഗതിക്ക് ഉടൻ പ്രാബല്യമുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. |
| | ✓ സ.ഉ(പി)നം.327/2005/ഫിൻ തിയതി 16-07-2005 *പ്രകാരം **0.5%** എന്ന നിരക്ക് 2002-03 വർഷത്തെ കണക്കുകളുടെ ഓഡിറ്റ് മുതൽ ബാധകമാക്കി.*<br>✓ ***1%*** *നിരക്കിൽ ഒടുക്കിയ തുക തുടർവർഷങ്ങളിൽ ക്രമീകരിക്കുന്നതിന് അനുമതി നൽകി.* | |

<table>
<tr><td rowspan="2">4</td><td>സ.ഉ(പി)നം.368/2009/ഫിൻ<br>തിയതി 28-08-2009<br><br>(എസ്.ആർ.ഒ നം.813/2009<br>തിയതി 29-09-2009)</td><td>• വാർഷിക വരുമാനത്തിന്റെ (Annual Income) 1% ആയി ഓഡിറ്റ് ചാർജ്ജ് പുനർ നിശ്ചയിച്ചു.</td></tr>
<tr><td colspan="2">• വിവിധ സ്ഥാപനങ്ങളുടെ വാർഷിക വരുമാനത്തിന്റെ (Annual Income) ഘടകങ്ങൾ ഏതൊക്കെയെന്ന് ഇതേ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.<br><br>വാർഷിക വരുമാനത്തിന്റെ (Annual Income) ഘടകങ്ങൾ<br><br>
<table>
<tr><th>സ്ഥാപനം/ ലോക്കൽ ഫണ്ട്</th><th>വാർഷിക വരുമാനത്തിന്റെ ഘടകങ്ങൾ</th></tr>
<tr><td>സർവ്വകലാകാലകൾ</td><td>➢ ഫീസ്, കൺസൾട്ടൻസി ചാർജ്ജ്</td></tr>
<tr><td>ദേവസ്വം ബോർഡുകൾ (*)</td><td>➢ പലിശ വരുമാനം, വാണിജ്യ ആസ്തികളിൽ (Commercial Properties) നിന്നുള്ള വരുമാനം.</td></tr>
<tr><td>വെൽഫയർ ഫണ്ട് ബോർഡുകൾ</td><td>➢ ഫലാദായം (Usufructs), ഇൻവെസ്റ്റ്മെന്റുകളിൽ നിന്നും ലഭിച്ച/ ആർജ്ജിച്ച പലിശ (Interest accrued/ earned from Investments)</td></tr>
<tr><td>സ്പോർട്സ് കൗൺസിൽ</td><td>➢ സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഒഴികെയുള്ള ഏത് സ്രോതസ്സിൽ നിന്നുമുള്ള കാപ്പിറ്റൽ/ റവന്യു വരവ്.</td></tr>
<tr><td>മറ്റ് ലോക്കൽ ഫണ്ടുകൾ</td><td>➢ സർക്കാരിൽ നിന്നുള്ള ഗ്രാന്റ് ഒഴികെയുള്ള ഏത് സ്രോതസ്സിൽ നിന്നുമുള്ള കാപ്പിറ്റൽ/ റവന്യു വരവ്.</td></tr>
<tr><td></td><td></td></tr>
</table>
</td></tr>
</table>

- *സ.ഉ(പി)നം.125/2009/ഫിൻ തിയതി 28-03-2009 പ്രകാരം പുറപ്പെടുവിച്ച ഇതേ വിഷയത്തിലുള്ള ഉത്തരവ് ഇതോടെ അസാധുവായി.*

## ബി. വാർഷിക വരുമാനത്തിൽ ഉൾപ്പെടുത്തേണ്ട അധിക ഇനങ്ങൾ– ഉത്തരവുകൾ

| | |
|---|---|
| **1. സർവ്വകലാശാലകൾ** | |
| സ.ഉ(പി)നം.541/ 2010/ഫിൻ തിയതി 15–10–2010 | സർവ്വകലാശാലകളുടെ വാർഷിക വരുമാനത്തിൽ **സർക്കാർ ഗ്രാന്റുകൾ ഒഴികെയുള്ള** താഴെ പറയുന്ന ഇനങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.<br>• ഫാമുകളിൽ നിന്നുള്ള റവന്യു, റിവോൾവിംഗ് ഫണ്ടിൽ നിന്നുള്ള വരുമാനം, വിവിധ സ്കീമുകൾ/പ്രോജക്റ്റുകൾ മുതലായവയിൽ നിന്നുള്ള ഇൻസ്റ്റിറ്റ്യൂഷണൽ ചാർജ്ജുകൾ.<br>• ***സ.ഉ(പി)നം.368/2009/ഫിൻ തിയതി 28-08-2009 (എസ്.ആർ.ഒ നം.813/2009 തിയതി 29-09-2009)*** *പ്രകാരം നിശ്ചയിച്ചിരുന്ന ഫീസ്, കൺസൾട്ടൻസി ചാർജ്ജ് എന്നിവയും ഉൾപ്പെടുന്നതാണ്.* |
| **2. ദേവസ്വം ബോർഡുകൾ** | |
| സ.ഉ(പി) നം.679/2010/ ഫിൻ തിയതി 14–12–2010 | ദേവസ്വം ബോർഡുകളുടെ വാർഷിക വരുമാനത്തിൽ താഴെ പറയുന്നവ ഉൾപ്പെടുന്നതാണ്.<br>• **വഴിപാട്, ഭണ്ഡാരം, സംഭാവന** എന്നിവ മുഖേനയുള്ള വരവ്.<br>• *സ.ഉ(പി)നം.368/2009/ഫിൻ തിയതി 28-08-2009 (എസ്.ആർ.ഒ നം.813/2009 തിയതി 29-09-2009) പ്രകാരം നിശ്ചയിച്ചിരുന്ന പലിശ വരുമാനം, വാണിജ്യ ആസ്തികളിൽ നിന്നുള്ള വരുമാനം എന്നിവയും ഉൾപ്പെടുന്നതാണ്.* (*) |

(*) 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 3(1) പ്രകാര മുള്ള ഷെഡ്യൂളിലെ ക്രമ നം. 9 പ്രകാരം HR&EC ഭരണ വകുപ്പിന് കീഴിലുള്ള (നിലവിൽ, മലബാർ ദേവസ്വം) അമ്പലങ്ങൾ മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. തിരുവിതാംകൂർ, കൊച്ചിൻ ദേവസ്വം ബോർഡുകളുടെ ഓഡിറ്റ് ബഹു. ഹൈക്കോടതി ഉത്തരവനുസരിച്ചാണ് നടത്തുന്നത്. ഈ ദേവസ്വം ബോർഡുക ളുടെ പ്രതിവർഷ ഓഡിറ്റ് ചാർജ്ജ് കാലകാലങ്ങളിൽ ബഹു. ഹൈക്കോ ടതിയാണ് നിശ്ചയിക്കുന്നത്.

ഗുരുവായൂർ ദേവസത്തിന്റെ ഓഡിറ്റ് ഗുരുവായൂർ ദേവസ്വം ആക്ട്, 1978, ഗുരു വായൂർ ദേവസ്വം ചട്ടങ്ങൾ, ചട്ടം 17 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരമാണ് നിർവ്വഹിക്കുന്നത്. ഓഡിറ്റിന്റെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് ചാർജ്ജ് ചുമത്തുന്ന രീതിയാണ് ഗുരുവായൂർ ദേവസ്വത്തിന്റെ ഓഡി റ്റിൽ അവലംബിച്ചുവരുന്നത്.

## സി. പുതുക്കിയ ഓഡിറ്റ് ചാർജ്ജിന്റെ പ്രാബല്യം-സ്പഷ്ടീകരണം

- **സ.ഉ(പി)നം.679/2010/ ഫിൻ തിയതി 14-12-2010**

വാർഷിക വരുമാനത്തിന്റെ 1% ആയി ഓഡിറ്റ് ചാർജ്ജ് വർദ്ധിപ്പിച്ചത് താഴെ പറയും പ്രകാരം പ്രാബല്യത്തിൽ വരുന്നതാണെന്ന് ഉത്തരവിൽ വ്യക്തത വരുത്തിയിട്ടുണ്ട്.

- സാമ്പത്തിക വർഷം (ഏപ്രിൽ-മാർച്ച്) അടിസ്ഥാനമാക്കി വാർഷിക കണക്ക് തയ്യാറാക്കുന്ന സ്ഥാപനങ്ങൾക്ക്: **2009-10 വർഷത്തെ കണക്കുക ളുടെ ഓഡിറ്റ് മുതൽ.**
- കലണ്ടർ വർഷം (ജനുവരി-ഡിസംബർ) അടിസ്ഥാനമാക്കി വാർഷിക കണക്ക് തയ്യാറാക്കുന്ന സ്ഥാപനങ്ങൾക്ക്: ജനുവരി 2010 മുതൽക്കുള്ള കണക്കുകളുടെ ഓഡിറ്റ് മുതൽ.



# III

# ഓഡിറ്റ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും സർക്കാർ ഒഴിവാക്കിയ സ്ഥാപനങ്ങൾ

സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള വിവിധ സ്ഥാപനങ്ങളെ ഓഡിറ്റ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

## 1. ഓഡിറ്റ് ചാർജ്ജ് (ഓഡിറ്റ് ഫീ) അടവാക്കുന്നതിൽ നിന്നും സർക്കാർ ഒഴിവാക്കിയ സ്ഥാപനങ്ങൾ

| I | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | |
|---|---|---|
| 1 | സ.ഉ(അച്ചടി) നം. 124/ 2012/ത.സ്വ.ഭ.വ തിയതി 10-05-2012 | • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഓഡിറ്റ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി.<br>• സ്ഥാപനങ്ങളുടെ ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയും ഒഴിവാക്കി. |

| II | മറ്റ് സ്ഥാപനങ്ങൾ | |
|---|---|---|
| 2 | ജി.ഒ(എം.എസ്)നം.11/2002/ സാക്ഷേവ തിയതി 07-05-2002 | • ഓർഫനേജ് കൺട്രോൾ ബോർഡിന്റേയും സർക്കാരിന്റേയും അംഗീകാരമുള്ള അനാഥാലയങ്ങളേയും മറ്റ് ധർമ്മ സ്ഥാപനങ്ങളേയും ഓഡിറ്റ് ചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കി.<br>• *സർക്കുലർ നം.10377/സി-1/02/ സാ.ക്ഷേ.വ തിയതി 06-11-2002 പ്രകാരം ഒഴിവാക്കലിന് മുൻകാല പ്രാബല്യമില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.* |

| | | |
|---|---|---|
| 3 | സർക്കാർ കത്ത് നം. 34912/Estt.D1/Fin തിയതി 18-06-2002 | • ജില്ലാ-താലൂക്ക് ലൈബ്രറി കൗൺസിലുകൾക്ക് ഓഡിറ്റ് ചാർജ്ജ് ആവശ്യമില്ല. |
| 4 | ജി.ഒ(എം.എസ്)നം.220/06/ഫിൻ തിയതി 22-05-2006 | • കേരള പൊലീസ് വെൽഫയർ ആന്റ് അമിനിറ്റി ഫണ്ടിനെ(കേന്ദ്ര ഫണ്ട്) 2004-05 സാമ്പത്തിക വർഷം മുതൽ ഓഡിറ്റ് ചാർജ്ജിൽ നിന്നും ഒഴിവാക്കി. |
| 5 | ജി.ഒ(എം.എസ്)നം.43/11/ഫിൻ തിയതി 19-01-2011 | • സ്റ്റേറ്റ് മിലിറ്ററി ബെനവലന്റ് ഫണ്ട്, ഫ്ളാഗ്ഡേ ഫണ്ട് (സൈനിക് വെൽഫയർ) എന്നിവയെ 2008-09 മുതൽ ഓഡിറ്റ് ചാർജ്ജിൽ നിന്നും ഒഴിവാക്കി. |
| 6 | ജി.ഒ(എം.എസ്) നം.230/2011/ഫിൻ തിയതി 19-05-2011 | • അമാൽഗമേറ്റഡ് ഫണ്ടിനെ (സൈനിക് വെൽഫയർ) 2008-09 മുതൽ ഓഡിറ്റ് ചാർജ്ജിൽ നിന്നും ഒഴിവാക്കി. |

## 3. ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ (HMC) ഓഡിറ്റ് ചാർജ്ജ്

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ചാർജ്ജ് സർക്കാർ ഒഴിവാക്കിയിട്ടുള്ളതിനാൽ ഇവയുടെ കീഴിൽ വരുന്ന ആശുപത്രി മാനേജിംഗ് കമ്മിറ്റികളിൽ നിന്നും ഇനി ഒരറിയിപ്പുണ്ടാകുന്നതുവരെ ഓഡിറ്റ് ചാർജ്ജ് ഈടാക്കേണ്ടതില്ല എന്ന് 19-06-2017 ലെ കത്ത് നം. കെ.എസ്.എ.5041/ആർ.3/2017 പ്രകാരം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ വരാത്ത ആശുപത്രികളിലെ എച്ച്.എം.സി കളുടെ ഓഡിറ്റ് റിപ്പോർട്ടിൽ ഓഡിറ്റ് ചാർജ്ജ് കണക്കാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

**ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പുനർ നാമകരണം**

- ✓ സ.ഉ(കൈ)നം. 24/15/ധന തിയതി 14–01–2015 പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പേര് **'കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്'** എന്ന് പുനർ നാമകരണംചെയ്ത് ഉത്തരവു പുറപ്പെടുവിച്ചു.
- ✓ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൽ ഭേദഗതി വരുത്തുന്നതാണെന്ന് ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ട്.

*തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഓഡിറ്റ് ചാർജ്ജ് ഒഴിവാക്കിയതിനാൽ സർക്കാരിന് ഈ ഇനത്തിലുണ്ടായ റവന്യുവിൽ വലിയ തോതിൽ കുറവുണ്ടായിട്ടുണ്ട്. സർവ്വകലാശാലകൾ, ദേവസ്വം ബോർഡുകൾ, സാംസ്കാരിക സ്ഥാപനങ്ങൾ തുടങ്ങി ചെറുതും വലുതുമായ മറ്റനേകം ലോക്കൽ അതോറിറ്റികളിൽ നിന്നും ഓഡിറ്റ് ചാർജ്ജ് ഇപ്പോഴും ഈടാക്കാവുന്നതാണ്. ആയതിനാൽ ഈ സ്ഥാപനങ്ങളുടെ ഓഡിറ്റ് ചാർജ്ജ് ഡിമാന്റ്, കളക്ഷൻ എന്നിവ ഓരോ ഉപകാര്യാലയങ്ങളിലും കൃത്യമായി നിരീക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുണ്ട്. ഡയറക്ടറുടെ പ്രധാന മാർഗ്ഗനിർദ്ദേശങ്ങൾ അടുത്ത അധ്യായത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*



# IV
# ഓഡിറ്റ് ചാർജ്ജിന്റെ കണക്കുകൾ സൂക്ഷിക്കൽ– സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ നിർദ്ദേശങ്ങൾ

**29–10–2018 ലെ DKSA/718/2018-RULES-3 നം. സർക്കുലർ (നം.10/2018)** പ്രകാരം ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിലെ പോരായ്മ പരിഹരിക്കുന്നതിനും ഓഡിറ്റ് ചാർജ്ജ് ഡിമാന്റ്, കളക്ഷൻ എന്നിവ നിരീക്ഷിക്കുന്നതിനായി രജിസ്റ്റർ സൂക്ഷിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പ്രധാന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

## 1. ഓഡിറ്റ് ചാർജ്ജ്–കൃത്യത ഉറപ്പാക്കൽ, ഖണ്ഡികയുടെ പകർപ്പ് അയയ്ക്കൽ

- **24–7–2018 ലെ 885627/ആർ.എം.സി2/2018/ധന നം. കത്ത്** പ്രകാരം നികുതിയേതര വരുമാനം സംബന്ധിച്ച പ്രതിമാസ പത്രിക എല്ലാ മാസവും 15 ന് മുമ്പായി ലഭ്യമാക്കുവാൻ സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 19(3) ൽ നിഷ്കർഷിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ (നൽകേണ്ട തിയതി മുതൽ ഒരു വർഷത്തിനകം) ഓഡിറ്റ് ചാർജ്ജ് അടയ്ക്കുവാൻ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകേണ്ടതും വിവരം മേലാഫീസിനെ അറിയിക്കേണ്ടതുമാണ്.
- വിവിധ സ്ഥാപനങ്ങൾ ഓഡിറ്റ് ചാർജ്ജ് ഈടാക്കുന്നതിൽ നിന്നും ഒഴിവാക്കുവാൻ സർക്കാരിലേക്ക് അപേക്ഷ നൽകുന്ന സാഹചര്യത്തിൽ ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിൽ കൃത്യത ഉണ്ടായിരിക്കേണ്ടതും ആയതിൽ ഓഫീസ് മേധാവിയുടെ പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതുമാണ്.
- ഓഡിറ്റ് റിപ്പോർട്ടിലെ ഓഡിറ്റ് ചാർജ്ജ് ഖണ്ഡികയിൽ ഓഡിറ്റ് ചാർജ്ജ് കണക്കാക്കുന്നതിന് വാർഷിക കണക്കിൽ നിന്നും എടുത്തിട്ടുള്ള വരുമാന ഇനങ്ങളും തുകകളും പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് വർഷം അടവാക്കിയ തുകയുടെ വിശദാംശങ്ങൾ ഓഡിറ്റ് ചാർജ്ജ് ഖണ്ഡികയിൽ രേഖപ്പെടുത്തുന്നതിനൊപ്പം തുക അടവാക്കിയ വിവരം സ്ഥാപനം

ഡയറക്ടറേറ്റിനെ അറിയിച്ചുവെന്നും ഉറപ്പാക്കേണ്ടതാണ്. കുടിശ്ശിക ഉണ്ടെങ്കിൽ തുകയുടെ വർഷം തിരിച്ചുള്ള കണക്ക് രേഖപ്പെടുത്തേണ്ടതാണ്.

- ഓഡിറ്റ് ചാർജ്ജ് ഡിമാന്റ് ചെയ്യുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിന് ഉപകാര്യാലയങ്ങൾ ഓഡിറ്റ് ചാർജ്ജ് പുറപ്പെടുവിക്കുന്നതോടൊപ്പം ഓഡിറ്റ് ചാർജ്ജ് ഖണ്ഡികയുടെ (കണക്കു കൂട്ടലുകൾ സഹിതം) ഒരു പകർപ്പ് മേലാഫീസിലേക്ക് പ്രത്യേകം അയയ്ക്കേണ്ടതാണ്. കത്തിൽ താഴെ പറയുന്ന രേഖപ്പെടുത്തലുകൾ ഉണ്ടാകേണ്ടതാണ്.

| |
|---|
| വിഷയം: …………………………………….. ന്റെ (സ്ഥാപനത്തിന്റെ പേര്) ………………………… വർഷത്തെ ഓഡിറ്റ് ചാർജ്ജ്-ഡിമാന്റ് തുക സംബന്ധിച്ച്.<br>സൂചന 1. സർക്കുലർ നം.<br>2. ഓഡിറ്റ് റിപ്പോർട്ട് നമ്പറും തിയതിയും |

## 2. ഓഡിറ്റ് ചാർജ്ജ് രജിസ്റ്റർ

- ഓഡിറ്റ് ചാർജ്ജ് വിവരങ്ങൾ ഉൾപ്പെടുന്ന ഒരു രജിസ്റ്റർ എല്ലാ ഉപകാര്യാലയങ്ങളിലും സൂക്ഷിക്കേണ്ടതാണ്.
- നിലവിൽ ജില്ലാ ഓഡിറ്റ് ഓഫീസുകളിൽ ഇപ്രകാരം രജിസ്റ്റർ സൂക്ഷിക്കുന്നില്ലെങ്കിൽ ഉടൻ തന്നെ ആയത് തയ്യാറാക്കേണ്ടതാണ്.
- ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തൽ വരുത്തുന്നതോടൊപ്പം ഓഡിറ്റ് ചാർജ്ജ് രജിസ്റ്ററിലും രേഖപ്പെടുത്തൽ വരുത്തേണ്ടതാണ്.
- സ്ഥാപനങ്ങൾ തുക അടവാക്കിയ വിവരം (അസ്സൽ ട്രഷറി ചലാൻ സഹിതം) മേലാഫീസിനെയാണ് നേരിട്ട് അറിയിക്കേണ്ടത്. മേലാഫീസിലെ ലഡ്ജറുകളിൽ രേഖപ്പെടുത്തൽ വരുത്തിയശേഷം അസ്സൽ ചലാൻ സ്ഥാപനത്തിന് മടക്കി നൽകുന്നതോടൊപ്പം വിവരം ഓഡിറ്റ് ഓഫീസുകളെ അറിയിക്കുന്നതുമാണ്. തുക അടവാക്കിയ വിവരം ഉപകാര്യാലയങ്ങളിലെ ഓഡിറ്റ് ചാർജ്ജ് രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.

### ഓഡിറ്റ് ചാർജ്ജ് രജിസ്റ്ററിന്റെ മാതൃക

| സ്ഥാപനത്തിന്റെ പേര്:<br>കണക്കിനം : | | | | | |
|---|---|---|---|---|---|
| **ഡിമാന്റ് വിവരം** | | | **അടവാക്കൽ വിവരം** | | |
| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/ തിയതി | ഓഡിറ്റ് ചാർജ്ജ് തുക | അടവാക്കിയ തുക | ചലാൻ നമ്പർ/തിയതി | റിമാർക്സ് |
| | | | | | |
| | | | | | |
| | | | | | |

✓ ഓഡിറ്റ് റിപ്പോർട്ട് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെന്ന് ഓഫീസ് മേധാവികൾ ഉറപ്പാക്കേണ്ടതാണ്.

## 3. ഓഡിറ്റ് ചാർജ്ജ്–ഹെഡ് ഓഫ് അക്കൗണ്ട്

ഓഡിറ്റ് ചാർജ്ജ് ഒടുക്കുന്നതിനുള്ള ഹെഡ് ഓഫ് അക്കൗണ്ട് **0070–60–110–99** എന്നതാണ്.

- 0070– ഭരണപരമായ മറ്റ് സർവ്വീസുകൾ
- 60–മറ്റ് സർവ്വീസുകൾ
- 110–സർക്കാർ ഓഡിറ്റിനുള്ള ഫീസ്
- 99–ഓഡിറ്റ് ഫീസ്

വിവിധ സ്ഥാപനങ്ങൾക്ക് 88 മുതൽ 98 വരെയുള്ള സബ് ഹെഡുകൾ ഓഡിറ്റ് ഫീസ് അടവാക്കുന്നതിനായി അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് | ഹെഡ് ഓഫ് അക്കൗണ്ട് |
|---|---|
| എച്ച്.ആർ & സി.ഇ | 0070–60–110–98 |
| കേരള സർവ്വകലാശാല | 0070–60–110–97 |
| കാലിക്കറ്റ് സർവ്വകലാശാല | 0070–60–110–96 |
| കൊച്ചിൻ സർവ്വകലാശാല | 0070–60–110–95 |
| കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് | 0070–60–110–94 |
| കേരള കാർഷിക സർവ്വകലാശാല | 0070–60–110–93 |
| വിശാല കൊച്ചി വികസന അതോറിറ്റി | 0070–60–110–91 |
| കോഴിക്കോട് വികസന അതോറിറ്റി | 0070–60–110–90 |
| ഗുരുവായൂർ ദേവസ്വം ഫണ്ട് | 0070–60–110–89 |
| മഹാത്മാഗാന്ധി സർവ്വകലാശാല | 0070–60–110–88 |

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ 27–09–2019 ലെ കത്ത് പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളുടെ ഹെഡ് ഓഫ് അക്കൗണ്ടുകൾ കൂടി ഉപകാര്യാലയങ്ങളെ അറിയിച്ചിട്ടുണ്ട്.

| | |
|---|---|
| ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല | 0070–60–110–87 |
| കേരള ഫിഷറീസ് സമുദ്രപഠന സർകലാശാല | 0070–60–110–86 |
| കേരള ആരോഗ്യ സർവ്വകലാശാല | 0070–60–110–85 |
| മലയാളം സർവ്വകലാശാല | 0070–60–110–84 |
| കണ്ണൂർ സർവ്വകലാശാല | 0070–60–110–83 |
| തിരുവിതാംകൂർ ദേവസ്വം ബോർഡ് | 0070–60–110–82 |
| കൊച്ചിൻ ദേവസ്വം ബോർഡ് | 0070–60–110–81 |
| സ്പോർട്സ് കൗൺസിൽ | 0070–60–110–80 |

- ✓ ഓരോ സ്ഥാപനവും അതാത് ഹെഡ്ഡിൽ തന്നെ തുക ഒടുക്കേണ്ടതാണെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശിക്കേണ്ടതാണ്.

## കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, 1996 ലെ ചട്ടം 20 ലെ ഉപചട്ടം 11 ലെ ഭേദഗതി

- ജി.ഒ(പി)നം.374/2006/ഫിൻ തിയതി 22-09-2006 (എസ്.ആർ.ഒ നം. 699/2006)
- ചാർജ്ജ്/സർചാർജ്ജ് നോട്ടീസിനും ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റിനും ഇടയിലുള്ള സമയപരിധി നാല് മാസത്തിൽ നിന്നും രണ്ട് വർഷമാക്കി ഉയർത്തി.

## അനുബന്ധം-1

## 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 19

19. *Payment of charges for audit.*—(1) The charges for audit of accounts under this Act shall be paid by the local authority concerned at such rates as may be fixed by the Director with the approval of the Government.

(2) The Government may, by general or special order, exempt a local authority from the liability to pay audit charges under sub-section (1), either wholly or in part.

(3) If the audit charges due under sub-section (1) is not paid within one year from the date of its becoming due, Government may adjust the same from the grant or other sums, if any, payable to such local authority.

(4) Where a local authority does not pay the audit charges within one year from the date of its becoming due and where no grant or other sum is payable by the Government to the local authority, the amount of audit charges may be recovered from the local authority, as if it were arrears of public revenue due on land, under the provisions of the Kerala Revenue Recovery Act, 1968 (15 of 1968), for the time being in force.

## അനുബന്ധം–2

## 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 2(f)

(f) 'local authority' means—

(i) a Municipal Corporation constituted under the Kerala Municipal Corporations Act, 1961 (30 of 1961) or a Municipality constituted under the Kerala Municipalities Act, 1960 (14 of 1961) or Township specified in

section 2 of the Guruvayur Township Act, 1961 (43 of 1961) or a Panchayat constituted or deemed to have been constituted for the local administration of a Panchayat area under the Kerala Panchayats Act, 1960 (32 of 1960) or a Panchayat or a Municipality or a Metropolitan Planning Committee or a District Planning Committee constituted in the State in accordance with the provisions in Part IX and Part IXA respectively, of the Constitution of India;

(ii) any other authority, body or institution established by or under any law or orders of the Government and responsible for the administration of a local fund;

## അനുബന്ധം–3

## 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24

24. *Payment of charges for audit.*—(1) Charges for audit of accounts mentioned in sub-section (1) of section 19 of the Act payable by all local authorities included in the schedule shall be 0.75% of the annual income, excluding debt head accounts and sums borrowed from Government and other financing institutions.

(2) The collection of revenue by way of audit charges shall be a responsibility vested with the Local Fund Audit Department. For prompt and correct recording of the demand and collection of charges for audit from various institutions, necessary departmental instructions shall be issued from time to time.

(3) In order to adjust the charges for audit from the grants or other sums payable to local authority by Government under sub-section (3) of section 19 of the Act, details of amount due by way of audit charges from such local bodies shall be reported to Government when proposals for grants or other sums due to the local bodies are recommended by Director, and as when required by Government.

- ✓ ഇത് ഒരു ഔദ്യോഗിക കൈപ്പുസ്തകം അല്ലാത്തതിനാൽ പ്രായോഗിക തീരുമാനം എടുക്കുന്നതിനുമുമ്പായി അസ്സൽ നിയമങ്ങളും, ചട്ടങ്ങളും, ഉത്തരവുകളും പരിശോധിച്ച് കൃത്യത ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ✓ കാലാകാലങ്ങളിൽ ഉണ്ടാകുന്ന ഭേദഗതികളും സർക്കാർ നിർദ്ദേങ്ങളും വകുപ്പ് സർക്കുലറുകളും ശ്രദ്ധിച്ച് ഈ വിഷയത്തിലുള്ള അറിവ് കാലികമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

നന്ദി ....

പല പ്രധാന ഉത്തരവുകളും ശ്രദ്ധയിൽപ്പെടുത്തിയ തൃശൂർ ജില്ലാ ഓഡിറ്റ് കാര്യലായത്തിലെ ഓഡിറ്റ് ഓഫീസർ ശ്രീ.റാം മനോഹർ സാറിന്.....

തയ്യാറാക്കിയത്

സി.എസ്.സന്തോഷ്, ഓഡിറ്റ് ഓഫീസർ

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

9447594110

cscholayilttm@gmail.com

**സ്വകാര്യ ഉപയോഗത്തിനായി തയ്യാറാക്കിയ കൈപ്പുസ്തകം**

പാലക്കാട്,

27–06–2020

## കുറിപ്പുകൾ